ഈ പ്രകൃതത്തിൽ പ്രസ്താവ്യമാണു്. അനുവദനീയമായ വെയിസ് ആൻറ് മീൻസ് അഡ്വാൻസുകളും പരമാവധി ഉപയോഗപ്പെടുത്തിയതിനു പുറമേ തന്നാണ്ടിൽ 8.86 കോടി രൂപയുടെ ട്രഷറി ബിൽ നിക്ഷേപങ്ങളും പിൻവലിക്കേണ്ടിവന്നു എന്ന വസ്തുത സംസ്ഥാനഗവൺമെൻറിനു് ഈ വർഷത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന സാമ്പത്തിക വൈഷമ്യങ്ങളും എത്ര മാത്രമാണെന്നു വ്യക്തമാക്കുന്നു.

പുതുക്കിയ എസ്റ്റിമേറ്റ് 1969–70

1969–70–ലെ വരവിൻെറ പുതുക്കിയ എസ്റ്റിമേറ്റ് 136.20 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇതു് ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 93 ലക്ഷം രൂപാ കൂടുതലാണു്. അഞ്ചാം ധനകാര്യക്കമ്മിഷൻ നൽകിയ അവാർഡിൻെറ അടിസ്ഥാനത്തിൽ കേന്ദ്ര നികുതികളുടെ സംസ്ഥാനത്തിനുള്ള വിഹിതത്തിൽ 5.84 കോടി രൂപയുടെ വർദ്ധന പ്രതീക്ഷിക്കുന്നുണ്ടു്. എന്നാൽ ഭരണഘടനയുടെ 275–ാം വകുപ്പനുസരിച്ചുള്ള റവന്യൂ ധനസഹായത്തിൽ 10.89 കോടി രൂപയുടെ ഒരു വലിയ കുറവുണ്ടായിരിക്കും. അങ്ങനെ അഞ്ചാം ധനകാര്യ കമ്മിഷൻെറ അവാർഡു്, ഫലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു് കിട്ടേണ്ടവിഹിതത്തിൽ 5.05 കോടി രൂപയുടെ കുറവാണു വരുത്തിയതു്.

സംസ്ഥാനത്തിൻെറ നികുതി ഇനങ്ങളിൽ ഉള്ള വരവിൽ 1.22 കോടി രൂപയുടെ വർദ്ധനയുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. വിൽപ്പന നികുതി ഇനത്തിൽ 1.81 കോടി രൂപയുടെ വർദ്ധനയാണു് കണക്കാക്കുന്നതു്. എന്നാൽ ഈ വർദ്ധന എക്സൈസു് തീരുവകളിൽ ഉണ്ടായ 84 ലക്ഷം രൂപയുടെ കുറവുനിമിത്തം ഭാഗികമായി തട്ടിക്കഴിക്കപ്പെട്ടിരിക്കുന്നു. നികുതിയല്ലാത്ത മറ്റു വരവിനങ്ങളിലുള്ള വർദ്ധന പ്രധാനമായും വനങ്ങളിൽനിന്നും (73 ലക്ഷം) ഭാഗ്യക്കുറികളിൽനിന്നും (125 ലക്ഷം) ആണു് പ്രതീക്ഷിക്കുന്നതു്. കൃഷി, വ്യവസായം, പോലീസു് എന്നീ വകുപ്പുകളിൽ നിന്നും ആവർത്തിക്കപ്പെടാത്ത ചില പ്രത്യേക വരവുകളും പ്രതീക്ഷിക്കപ്പെടുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പലിശ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ 63 ലക്ഷം രൂപയുടെ കുറവുണ്ടാകും. വാർഷിക പദ്ധതിക്കുള്ള കേന്ദ്ര സഹായം 9.31 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 1.35 കോടി രൂപയുടെ വർദ്ധന ഇതുമൂലമാണു്.

റവന്യൂ കണക്കിലെ ചെലവു് 2.68 കോടി രൂപയുടെ വർദ്ധന കാണിക്കുന്നു. ഫുഡ് സബ്സിഡിയിൽനിന്നും പലിശ ഇനത്തിൽനിന്നും യഥാക്രമം പ്രതീക്ഷിക്കുന്ന 125 ലക്ഷം രൂപയുടേയും 53 ലക്ഷം രൂപയുടെയും മിച്ചമാണു്, ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളപരിഷ്ക്കാരം കൊണ്ടുണ്ടായ ചെലവിലുള്ള വർദ്ധന ഭാഗികമായി നികത്തുന്നതു്. ഇക്കൊല്ലമുണ്ടായ വലിയ വെള്ളപ്പൊക്കം കാരണം ദുരിതാശ്വാസ നടപടികളും എടുക്കേണ്ടിവന്നു. ക്ഷാമദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 63 ലക്ഷം രൂപയുടെ വർദ്ധന രേഖപ്പെടുത്തുന്നു. പദ്ധതി മേഖലയിൽ ചെറുകിട ജലസേചനം, കുടിവെള്ളപദ്ധതികൾ, കണ്ണാടി സർവ്വെ എന്നീ പരിപാടികളിൽ വർദ്ധിച്ച തോതിലുള്ള ചെലവു പ്രതീക്ഷിക്കപ്പെടുന്നു.

മൂലധനചെലവ് 15.81 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ടു്. ഇതു ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 3.74 കോടി രൂപാ കൂടുതലാണു്. പദ്ധതി മേഖലയിൽ റോഡ്, ജലസേചനം, സ്കൂൾ കെട്ടിടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം, ജലവിതരണ പരിപാടികൾ എന്നിവയിലാണ് പ്രധാനമായും, വർദ്ധനയുണ്ടായിരിക്കുന്നത്. റിസർവ്വ് ബാങ്ക് ഫണ്ട് ഉപയോഗിച്ചു സഹകരണസംഘങ്ങളിലെ ഓഹരി മുതൽ മുടക്കിനു വച്ചിട്ടുള്ള 20 ലക്ഷം രൂപാ പ്ലാൻ ചെലവായി കണക്കിലെടുത്തിട്ടുണ്ട്.

വായ്പകളും അഡ്വാൻസുകളുമായി നൽകുന്ന അറ തുക 11.50 കോടി രൂപയിൽനിന്നും 7.55 കോടി രൂപയായി കുറയുമെന്നു കണക്കാക്കപ്പെടുന്നു. കേരളാ ഇലക്ട്രിസിറ്റി ബോർഡിന്റെ പൗവ്വർ പ്രോജക്റ്റുകൾക്കുവേണ്ടി ബഡ്ജറ്റിൽ 9.5 കോടി രൂപ വായ്പയിനത്തിൽ വകകൊള്ളിച്ചിരുന്നു. ബോർഡിന്റെ വരവും പ്രോജക്റ്റുകൾക്കുള്ള ചെലവിന്റെ പുരോഗതിയും പുനർ നിർണ്ണയം ചെയ്തതിൽ 4.50 കോടി രൂപയിൽക്കൂടുതൽ സംസ്ഥാന ഗവൺമെന്റിൽനിന്നു കടമായി ബോർഡിനു ആവശ്യമായി വരികയില്ലെന്നാണ് കണക്കാക്കപ്പെടുന്നത്.

പ്ലാനിംഗ് കമ്മിഷൻ ഈ വർഷത്തെ പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ളത് 34.20 കോടി രൂപയുടെ മുതൽമുടക്കാണ്. സംസ്ഥാന ഗവൺമെന്റ് 37.16 കോടി രൂപയാണു വാർഷികപദ്ധതിക്കു ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. 'പൗവ്വർ' പ്രോജക്റ്റുകളിൽ ഈ വർഷം കുറവുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നതനുസരിച്ച് 'പൗവ്വർ' പ്രോജക്റ്റുകൾക്കുള്ള വിഹിതം 13.50 കോടി രൂപയിൽനിന്നും 10 കോടി രൂപയായികുറയ്ക്കുകയും താഴെ പറയുന്നതുപോലെ മറ്റു മേഖലകളിലെ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തു:

	(രൂപാ ലക്ഷത്തിൽ)
ചെറുകിടജലസേചനം	50
വൻകിടജലസേചനം	125
വിദ്യാഭ്യാസം	100
റോഡുകൾ	75
ആകെ	350

വിദ്യാഭ്യാസം, ജലവിതരണം, സഹകരണം, വ്യവസായം, (വൻകിടയും ഇടത്തരവും) എന്നീ ഇനങ്ങളിലെ ചെലവ് അതാതിനു നിശ്ചയിച്ചിട്ടുള്ള തോതിനെക്കാൾ വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. തൻമൂലം വാർഷിക പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 38.90 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

പൊതുക്കടം കണക്കിൽ 1.67 കോടി രൂപയുടെ മെച്ചം ഉണ്ടായിട്ടുണ്ട്, അതിനു പ്രധാന കാരണം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്രത്തിൽനിന്നും കിട്ടിയ പ്രത്യേക വായ്പകളും ഇക്കൊല്ലം എടുത്ത പൊതുകടത്തിൽനിന്നും കൂടുതലായി ലഭിച്ച തുകയുമാണ്. എന്നാൽ മുതൽവയ്ക്കാത്ത കടത്തിൽ 1.15 കോടി രൂപയുടെ കമ്മിയുണ്ടാകും. ഇതിന്റെ കാരണം, സംസ്ഥാനഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ ക്ഷാമബത്തയിലുണ്ടായ വർദ്ധന 1—4—1969 മുതൽ അവരുടെ പ്രോവിഡന്റ് ഫണ്ട് കണക്കിൽ വകകൊള്ളിക്കാമെന്നുള്ള ആദ്യത്തെ നിർദ്ദേശം നടപ്പിലാകാതെ പോയതാണ്.

മറ്റു കടങ്ങളിലും, നിക്ഷേപങ്ങളിലും ഉള്ള ഇടപാടുകളിൽ നിന്ന് 5.37 കോടി രൂപയുടെ വരവു പ്രതീക്ഷിക്കുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാന ഗവൺമെന്റിൽ 2 കോടി രൂപാ തൽക്കാലികമായി നിക്ഷേപിച്ചിട്ടുണ്ട്. അത് അടുത്തവർഷം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കുകയുള്ളു എന്നു കരുതുന്നു. തേയ്മാനക്കരുതൽ റിക്ഷേപത്തിൽ നിന്നും ഒരു കോടി രൂപാ പിൻവലിക്കുന്നതിനു സംസ്ഥാന ഗവൺമെൻറ് കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാലും കോർപ്പറേഷന് തന്നാണ്ടിൽ 50 ലക്ഷം രൂപ മാത്രമേ ആവശ്യമായി വരികയുള്ളു എന്നും ബാക്കി അടുത്ത വർഷം മാത്രമേ വേണ്ടിവരികയുള്ളു എന്നും പ്രതീക്ഷിക്കുന്നു.

എല്ലാ ഇടപാടുകളുടേയും ഫലമായി 19.46 കോടി രൂപയുടെ കമ്മി നടപ്പുവർഷത്തിൽ പ്രതീക്ഷിക്കപ്പെടുന്നു. 5.72 കോടി രൂപ നീക്കിയിരിപ്പോടുകൂടി ആരംഭിച്ച നടപ്പുവർഷം 13.74 കോടി രൂപായുടെ കമ്മിയോടുകൂടി അവസാനിക്കുമെന്നാണു കണക്കാക്കപ്പെടുന്നത്.

1970–71–ലെ ബഡ്ജറ് എസ്റിമേറ്

റവന്യൂ:

1970–71–ൽ 144.47 കോടി രൂപ വരവു പ്രതീക്ഷിക്കുന്നു. കേന്ദ്രനികുതി വിഹിതത്തിൽ സംസ്ഥാനത്തിനു ലഭിക്കുന്ന 27.88 കോടി രൂപ 1969–70–ലെ പുതുക്കിയ എസ്റിമേറിനെക്കാൾ 3.17 കോടി രൂപ കൂടുതലാണ്. 64.77 കോടി രൂപയാണു സംസ്ഥാനത്തെ നികുതി ഇനങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നത്. ഇത് 1969–70–ലെ വരവിനെക്കാൾ 3.78 കോടി രൂപ കൂടുതലാണ്. മോട്ടോർ വാഹന നികുതി, സ്റാമ്പ്, വിദ്യുച്ഛക്തി തീരുവകൾ രജിസ്ട്രേഷൻഫീസ് മുതലായ ഇനങ്ങളിൽ, സാധാരണയായിട്ടുള്ള വരവു വർദ്ധന കണക്കിലെടുത്തതാണ് ഇതിനു കാരണം. വിൽപ്പന നികുതിയിലുള്ള അധികവരുമാനമായ 2.28 കോടി രൂപ ഏതാണ്ട് 7 ശതമാനം വർദ്ധന കാണിക്കുന്നു. ഇതു മൊത്തം സംസ്ഥാനനികുതി വരവുകളുടെ 50 ശതമാനവുമാണ്. കാർഷികാദായ നികുതിയിലും, സംസ്ഥാന എക്സൈസ് തീരുവകളിലും വലിയ വ്യതിയാനങ്ങളില്ല. വ്യാജവാറ് തടയുന്നതിനും എക്സൈസ് ലേലം മുഖാന്തിരം കൂടുതൽ വരുമാനം സമ്പാദിക്കുന്നതിനും സത്വര നടപടികളും കൈക്കൊള്ളാത്ത പക്ഷം എക്സൈസ് തീരുവയിൽ കുറവു വന്നേക്കാം.

നികുതിമൂലം അല്ലാത്ത വരുമാനങ്ങളിലുള്ള വർദ്ധന അത്ര പ്രകടമല്ല. വനം വകുപ്പിൽ 25 ലക്ഷം രൂപ കൂടുതൽ വരവു പ്രതീക്ഷിക്കുന്നു. ലോട്ടറി രംഗത്ത് നേരിടേണ്ടിയിരിക്കുന്ന തീക്ഷ്ണമായ മൽസരം കാരണം ഏജൻറൻമാരുടെ കമ്മീഷൻ കഴിച്ചുള്ള അറ്റാദായം കുറയാൻ സാദ്ധ്യതയുണ്ട്.

കേന്ദ്രത്തിൽനിന്നും സംസ്ഥാന പഞ്ചവൽസരപദ്ധതി വിഹിതത്തിലേക്കു കിട്ടുന്ന ഗ്രാൻറ് 9.53 കോടിയായി കണക്കാക്കിയിരിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 3.49 കോടി രൂപയും പ്രതീക്ഷിക്കുന്നു.

ചെലവ്:

റവന്യൂ അക്കൗണ്ടിലെ ചെലവ് 157.95 കോടിയായി കണക്കാക്കിയിരിക്കുന്നു. പ്ലാനിൽ പെടാത്ത ഇനങ്ങളിൽ മൊത്തത്തിൽ ഉണ്ടാകുന്നവർദ്ധന 4 ശതമാനം മാത്രമാണ്. ഇതിനു കാരണം, ബഡ്ജറ് എസ്റിമേറുകൾ തയ്യാറാക്കുമ്പോൾ ചെലവുചുരുക്കലിൻെറ ആവശ്യകതകൂടികണക്കിലെടുത്തതാണ്.

റവന്യൂ അക്കൗണ്ടിനു പുറമേയുള്ള മൂലധനചെലവ് 18.62 കോടി രൂപയാണ്. ഇതിൻെറ സിംഹഭാഗവും പ്ലാനിൽപ്പെട്ട പദ്ധതികൾക്കായാണ്.

LIBRARY ARCHIVES Kerala Legislative Assembly